Page 1 of 1

### ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

213 (6918) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ കണക്ക് ലഭ്യമാണെങ്കിൽ വിശദമാക്കുമോ ;

(ബി) ഇവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

#### ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) സഹായത്തോടെ നടത്തിയ സർവ്വേ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഭൂമിയില്ലാത്ത പട്ടികജാതിക്കാരുടെ എണ്ണം | 25154 |
| വീടില്ലാത്ത പട്ടികജാതിക്കാരുടെ എണ്ണം | 16599 |
| ശൗചാലയം ഇല്ലാത്ത പട്ടികജാതിക്കാരുടെ എണ്ണം | 86318 |

(ബി&സി) 2009-10-ൽ 'കില' യുടെ സഹായത്തോടുകൂടി പട്ടികജാതിക്കാരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്.

### അംബേദ്കർ ഭവൻ പദ്ധതിക്ക് നീക്കി വച്ച തുക

214 (6919) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്കർ ഭവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിച്ചുവെന്ന് പറയാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി 2013-14 വർഷം എത്രതുക നീക്കിവച്ചു എന്നും ആയതിൽ എത്ര തുക ചെലവഴിച്ചു എന്നും ഏതെല്ലാം പരിപാടികൾക്കാണ് ഈ തുക വിനിയോഗിച്ചതെന്നും പറയാമോ ;

(ഡി) 2014-15 വർഷത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്നും ഏതെല്ലാം പദ്ധതിക്കായി എത്രവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly